# 18

## സഭ:

# ഉപദേഷ്ടാവു, അവന്റെ ജീവിതവും കടമകളും

**അർത്ഥം** ______________________________

1. **“ഉപദേഷ്ടാവു” എന്ന വാക്ക് നിർവ്വചിക്കുക.** പുതിയ നിയമത്തിൽ, സുവിശേഷം അറിയിക്കുന്ന ദൂതൻ; അല്ലെങ്കിൽ സന്ദേശ വാഹകൻ.
2. **“സുവിശേഷകൻ” എന്ന വാക്ക് നിർവ്വചിക്കുക.** സുവാർത്ത അറിയിക്കുന്നവൻ (പ്രവൃത്തികൾ 21:8).

**അവന്റെ ജീവിതം** ______________________________

1. **അവൻ തന്നെത്താൻ സൂക്ഷിക്കേണ്ടതു എങ്ങനെ (1 തിമൊ. 5:22)?**
2. **അവൻ എന്തു ചെയ്യുവാനാണ് ഉത്സാഹിക്കേണ്ടത് (പ്രവൃത്തികൾ 24:16; 1 തിമൊ. 1:5)?**
3. **എന്തിലാണ് അവൻ മാതൃകയായിരിക്കേണ്ടത് (1 തിമൊ. 4:12)?**
4. **എല്ലാ കാര്യത്തിലും അവൻ തന്നെത്താൻ എങ്ങനെ കാണിക്കണം (തിത്തൊ. 2:7)?**
5. **അവന്റെ ഉപദേശവും ജീവിതവും ഒരുമിച്ചു യോജിച്ചു കൊണ്ടു പോകുന്നതെങ്ങനെ (1 തിമൊ. 4:16)?**
6. **അവന്റെ സുബോധവും വിഷമങ്ങളും എന്തെല്ലാം (2 തിമൊ. 4:5)?**
7. **ഈ ലോകത്തിലെ വസ്തുക്കളോടു അവന്റെ ബന്ധം എങ്ങനെയാണ് (2 തിമൊ. 2:4)?**
8. **വേണ്ടിവന്നാൽ, അവൻ കഷ്ടം സഹിക്കേണ്ടതു എന്തിൽ? എങ്ങനെ (2 തിമൊ. 2:3)?**
9. **സാഹചര്യം നിർബന്ധിക്കുന്നു എങ്കിൽ, അവൻ കൈകൊണ്ടുള്ള സാധാരണ ജോലി ചെയ്യേണ്ടതുണ്ടോ**

**(പ്രവൃത്തികൾ 18:1-3)?**

a. അവൻ എന്തുകൊണ്ട് അങ്ങനെ വേല ചെയ്യണം (പ്രവൃത്തികൾ 20:33-35)?

b. അത്തരം പ്രവൃത്തികൾ പൗലൊസിനെ എങ്ങനെ കൂടുതൽ സഹായിച്ചു (1 കൊരി. 9:19-22)?

**10. ഇവയിൽ എല്ലാറ്റിലും അവൻ കാണിക്കേണ്ടതെന്ത്? ഉപദേശത്തിൽ, എന്താണ് (തിത്തൊ. 2:7)?**

**11. ഒരു ഉപദേഷ്ടാവു തന്റെ സ്വഭാവത്തെ സൂക്ഷിക്കേണ്ടതു എങ്ങനെ (2 തിമൊ. 2:22; 1 തെസ. 5:22)?**

**അവന്റെ ഒരുക്കം ________________________________**

**1. അവൻ എന്തിലാണ് ശ്രദ്ധിച്ചിരിക്കേണ്ടത് (1 തിമൊ. 4:13)?**

**2. പുസ്തകങ്ങളെ അവൻ എങ്ങനെ ഉപയോഗിക്കണം (2 തിമൊ. 4:13)?**

**3. അവൻ എന്തുചെയ്യുവാനാണ് പഠിക്കേണ്ടത് (2 തിമൊ. 2:15)?**

a. അവൻ ഏതു രീതിയിലുള്ള വേലക്കാരൻ ആണ് ആകേണ്ടത് (2 തിമൊ. 2:15)?

b. അവൻ പിന്നെ എന്തു ചെയ്യണം (2 തിമൊ. 2:15)? "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്ക" എന്നത് എന്താണ് (2 തിമൊ. 2:15)?

**അവൻ എന്ത്, എങ്ങനെ പ്രസംഗിക്കണം ____________________**

**1. എല്ലാറ്റിലും കർത്താവിന്റെ ക്രമം എന്താണ് (മർക്കൊ. 16:15)?**

**2. അവൻ എല്ലായ്പ്പോഴും സംസാരിക്കേണ്ടതെന്ത് (തിത്തൊ. 2:1, 8)?**

**3. ആരെയാണ് പ്രസംഗിക്കരുതാത്തത്? എന്താണ് പ്രസംഗിക്കേണ്ടത് (2 കൊരി. 4:5)?**

a. ഫിലിപ്പൊസ് ശമര്യരോടു പ്രസംഗിച്ചത് എന്ത് (പ്രവൃത്തികൾ 8:5)?

b. അവൻ എപ്പോഴും എന്തിലാണ് മഹത്വം കൊടുക്കേണ്ടത് (ഗലാ. 6:14)? അവൻ എല്ലായ്പ്പോഴും എന്തറിയുവാനാണ് നിർണ്ണയിക്കേണ്ടത് (1 കൊരി. 2:2)?

**4. അവൻ ഓരോ വ്യക്തിയേയും ഓരോ സദസ്സിനേയും എങ്ങനെ സമീപിക്കണം (1 കൊരി. 2:1)?**

**5. എല്ലാ ഉപദേഷ്ടാക്കന്മാർക്കും പൗലൊസ് അവസാനമായി കൊടുക്കുന്ന ആജ്ഞ എന്ത് (2 തിമൊ. 4:1, 2).**

**6. അവൻ മറ്റുള്ളവരോടു പെരുമാറ്റത്തെ എങ്ങനെ പഠിപ്പിക്കണം (1 തിമൊ. 3:15)?**

**7. എന്ത് അധികാരത്തോടെ വേണം അവൻ സംസാരിക്കുവാൻ (2 തിമൊ. 4:2; തിത്തൊ. 2:15)?**

**8.ദുരുപദേഷ്ടാക്കന്മാരോടുള്ള അവന്റെ സമീപനം എന്തായിരിക്കണം (1 തിമൊ. 1:3, 4)?**

**9.പുതിയ പരിവർത്തകർക്കു അവൻ എന്തു ചെയ്യണം (പ്രവൃത്തി കൾ 14:22; 15:36, 41)?**

**10.സഭയെ അവൻ ഏതു വിധത്തിലാണ് സഹായിക്കേണ്ടത് (തിത്തൊ. 1:5)?**

**11.ഭിന്നതയുണ്ടാക്കുന്നവരോടുള്ള അവന്റെ മനോഭാവം എന്തായിരി ക്കണം (തിത്തൊ. 3:10, 11)?**

**അവന്റെ വ്യക്തിപരവും പ്രാദേശികവുമായ ജോലി ______________**

1. ഒരു ഉപദേഷ്ടാവു ഒരു പ്രദേശത്തു സഭയുമായി മുഴുവൻ - സമയവും പ്രവർത്തിക്കണോ അതോ താൽക്കാലിക - മായി പ്രവർത്തിക്കണോ? കൊരിന്തിൽ പൗലൊസ് എത്ര കാലം താമസിച്ചു (പ്രവൃത്തികൾ 18:11)? എഫെസോസിൽ എത്ര നാൾ (പ്രവൃത്തി കൾ 19:8-10)?
2. അവന്റെ വേലയിൽ അവൻ എല്ലായ്പ്പോഴും കീഴ്പ്പെട്ടിരിക്കേണ്ടത് എന്ത് (എബ്രാ. 13:7, 17)?
3. അവൻ രഹസ്യമായും പരസ്യമായും പ്രസംഗിക്കേണ്ടത് എന്ത് (പ്രവൃത്തികൾ 5:42; 20:20)?

**പൊതുവിൽ ______________________________________________**

1. **തന്റെ വ്യക്തിപരമായ പ്രത്യക്ഷത, ഒരു ഉപദേഷ്ടാവു, എങ്ങനെ ഗണ്യമാക്കണം?**
   തന്റെ വ്യക്തിപരമായ പ്രവൃത്തിയെയും സ്വാധീനത്തെയും എങ്ങനെ കൂട്ടുകയും കുറയ്ക്കുകയും ചെയ്യും?
2. **അവന്റെ ദൈനന്തിന സ്വഭാവങ്ങൾ എങ്ങനെയായിരിക്കണം? അവൻ പുകയില ഉപയോഗിക്കാമോ - പുകവലിക്കാമോ?**
3. **അവൻ ഭൗതിക ക്ലബ്ബുകളിൽ അംഗമായിരിക്കാമോ, രാഷ്ട്രീയ ബന്ധം, തുടങ്ങിയവ?**
4. **തന്റെ പ്രസംഗവും വ്യക്തിപരമായ ജോലിയും എങ്ങനെ ഒരുമിച്ചു കൊണ്ടുപോകും (പ്രവൃത്തികൾ 5:42)?**

© 2009 Truth for Today